കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

250 (3357) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പട്ടണത്തിൽ നിന്ന് കിഴക്കൻ ഉൾനാടൻ മലയോര മേഖലകളിലേയ്ക്ക് ആവശ്യത്തിന് ഗതാഗത സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുമൂലം താലൂക്ക് ആസ്ഥാനത്ത് എത്തുന്ന ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി പട്ടണം കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കൊയിലാണ്ടി പട്ടണത്തിൽ നിന്നും കിഴക്കൻ മലയോര മേഖലകളിലേക്ക് കെ.എസ്.ആർ.ടി.സി. ഇപ്പോൾ ആവശ്യത്തിന് സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പുതിയ ബസ് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്.

(ബി) കൊയിലാണ്ടി വഴി നിലവിൽ കോഴിക്കോട്-കണ്ണൂർ റൂട്ടിൽ 20 മിനിട്ട് ഇടവേളകളിൽ കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പുറമേ കൊയിലാണ്ടി-താമരശ്ശേരി റൂട്ടിൽ 5 ഷെഡ്യൂളുകളും ചെയിൻ സർവ്വീസായി നടത്തുന്നുണ്ട്. ബസ് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സർവീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്.

കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി.ക്ക് ഓപ്പറേറ്റിംഗ് സെന്റർ

251 (3358) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരം കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കണമെന്ന ആവശ്യം നിരന്തരമായി ഉയർന്നു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യത്തിന് നിയമസഭാ സാമാജികനിൽ നിന്ന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly